**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1754** **13-02-2025 - ൽ മറുപടിയ്ക്ക്**

**വയോജനകമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്‌തീൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ വയോജന നയം വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വയോജന കമ്മീഷന്റെ ഘടന എപ്രകാരമാണ്; | (എ) | സംസ്ഥാനത്തുള്ള മുതിർന്നപൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപവത് ക്കരിക്കുന്നതിനുള്ള മാർഗ്ഗരേഖയായി സംസ്ഥാന വയോജന നയം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.സംസ്ഥാന വയോജന നയം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും മറ്റുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനായി 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം വയോജന കമ്മീഷൻ ഘടന ചുവടെപ്പറയുന്നത് പ്രകാരം ആണ്<br><br>• വയോജനകമ്മീഷനിൽ സർക്കാർ വിജ്ഞാപനംവഴി നിയമിക്കുന്ന ഒരു ചെയർപേഴ്സണും മൂന്നിൽ കുറയാത്ത എണ്ണം അംഗങ്ങളും ഉണ്ടായിരിക്കും.<br>• ചെയർ പേഴ്സൺ ഉൾപ്പടെ എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കേണ്ടതും വയോജനക്ഷേമ മേഖലയിൽ പ്രവർത്തനപരിചയമുള്ള ആളുകളായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടിക ഗോത്ര |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളിലോപ്പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കും.<br>• സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാൾ കമ്മീഷൻ സെക്രട്ടറിയായും സർക്കാർ നിയമവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാൾ കമ്മീഷൻ രജിസ്ട്രാരായും സർക്കാർ ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ ഫിനാൻസ് ഓഫീസറായും നിയമിക്കുന്നതാണ്.<br>• ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി അവർ പ്രസ്തുത സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് വർഷം വരെയായിരിക്കും. |
| (ബി) | വയോജന കമ്മീഷന് അർദ്ധ ജുഡീഷ്യറി അധികാരങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാന വയോജന കമ്മീഷൻ 9 -ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുമ്പോൾ 1908 ലെ സിവിൽ നടപടി നിയമസംഹിതയിൽ (1908 ലെ 5-ാം കേന്ദ്ര ആക്ട്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | വയോജന കമ്മീഷൻ മുഖാന്തിരം എപ്രകാരമാണ് വയോജനങ്ങൾക്ക് നീതി നിർവ്വഹണം ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (സി) | വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും വയോജനങ്ങളുടെ പുനര ധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്ത മാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും മറ്റുമായാണ് സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.<br><br>വയോജനകമ്മീഷൻ ബിൽ അദ്ധ്യായം 3 പ്രകാരം വയോജന കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും നിശ്ചയിച്ച നല്കിയിട്ടുണ്ട്. ആയത് പ്രകാരം ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും സഹായിക്കുന്നതും അവർക്ക് പുനരധിവാസം ആവശ്യമുള്ളിടത്ത് സർക്കാരുമായി സഹകരിച്ച് അത് സാദ്ധ്യമാക്കുന്നതും എന്തെങ്കിലും തരത്തിലുള്ള നിയമസഹായം ആവശ്യമുള്ളിടത്ത് ആയത് ലഭ്യമാക്കുന്നതും വയോജനങ്ങളുടെ കഴിവുകൾ പൊതു സമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ഏറ്റെടുത്ത് നടത്തുന്നതും സർക്കാർ കാലാകാലങ്ങളിൽ ഏല്പിച്ച് നൽകുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതും കമ്മിഷന്റെ കർത്തവ്യമായി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ